പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1304

10.08.2017-ൽ മറുപടിയ്ക്ക്

## പ്രേതവലകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം.ഉമ്മർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കടലിന്റെ അടിത്തട്ടിലെ ആവാസയിടങ്ങൾ, പ്രേതവലകളാൽ നശിപ്പിക്കപ്പെടുന്നതായുള്ള പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കടലിൽ ഉപേക്ഷിക്കപ്പെട്ടിട്ടുള്ള മത്സ്യബന്ധന വലകളിൽപ്പെട്ട് (ghost fishing) മത്സ്യങ്ങളും മറ്റ് ജല ജന്തുക്കളും പക്ഷികളും ചത്തുപോകുന്നതായും ഇതുമൂലം മത്സ്യസമ്പത്തിന് നാശം സംഭവിക്കുന്നതായും റിപ്പോർട്ടുകൾ ഉണ്ട്. |
| (ബി) | തൻമൂലം മത്സ്യ സമ്പത്തിൽ ക്രമാനുഗതമായ കുറവുണ്ടാകും എന്നത് കണക്കിലെടുത്ത് ആയത് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | പ്രേതവലകളാലുള്ള മത്സ്യ സമ്പത്തിന്റെ നാശം സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണ പരിപാടികളിൽ ഉൾപ്പെടുത്തി നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. കടൽ മലിനീകരണം തടയുന്നതിനും കടലിൽ വലകൾ ഉപേക്ഷിക്കുന്നത് നിരുൽസാഹപ്പെടുത്തുന്നതിനും, മത്സ്യബന്ധനത്തിനോടൊപ്പം ലഭിക്കുന്ന വലകൾ നീക്കം ചെയ്യുന്നതിനുമുള്ള നിർദ്ദേശങ്ങളും നൽകി വരുന്നു. |
| (സി) | പ്രസ്തുത പ്രേതവലകളുടെ തുടർന്നുള്ള നിക്ഷേപം തടയുന്നതിനായി മത്സ്യബന്ധന മേഖലയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. ജില്ലകളിൽ മത്സ്യത്തൊഴിലാളികൾക്കായി നടത്തപ്പെട്ടിട്ടുള്ള ബോധവൽക്കരണ പരിപാടികളിൽ ഈ വിഷയം ഗൗരവമായി ചർച്ച ചെയ്യാറുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുമായി ചേർന്ന് തുടർന്നും ഇത്തരം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ